**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2189** **30-07-2021 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തിന് ഇരയായവർക്ക് സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കും മരണം സംഭവിച്ചവരുടെ ആശ്രിതർക്കും കൃഷിനാശം സംഭവിച്ച കർഷകർക്കും സഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭ വിച്ച കർഷകർക്ക് 08.01.2015 ലെ സ.ഉ.നം. (കൈ) 2/2015/വനം എന്ന ഉത്തരവിൽ പറയുന്നത് പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്ത്, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 05.04.2018-ലെ സ.ഉ.നം. (കൈ) 17/2018/വനം എന്ന ഉത്തരവ് പ്രകാരം നഷ്ട പരിഹാരം വനം വകുപ്പ് നൽകിവരുന്നുണ്ട്. |
| (ബി) | കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിൽ ഈ ഇനത്തിൽ എത്ര തുക നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | 2020-21 സാമ്പത്തിക വർഷം കാസർഗോഡ് ജില്ലയിൽ വന്യജീവി ആക്രമം മൂലം കൃഷിനാശം സംഭവിച്ചവർക്കും, പരിക്കേറ്റവർക്കും, മരണം സംഭവിച്ചവർക്കും 72,85,281/-, രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. |
| (സി) | ഈ ഇനത്തിൽ ജില്ലയിൽ കുടിശ്ശിക എന്തെങ്കിലും നൽകാനുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | നൽകാനുണ്ട്. കാസർഗോഡ് ജില്ലയിൽ വന്യജീവി ആക്രമണം മൂലം മരണപ്പെട്ട 12 പേരുടെ ആശ്രിതർക്ക് 15,00,000/- രൂപയും, പരിക്ക് പറ്റിയ 44 പേർക്ക് 12,00,000/- രൂപയും, കൃഷിനാശം സംഭവിച്ച 276 അപേക്ഷകർക്ക് 16,50,000/ രൂപയും കുടിശികയായി നൽകാനുണ്ട്. |
| (ഡി) | വന്യമൃഗ ശല്യം രൂക്ഷമായ സാഹചര്യത്തിൽ ഇപ്പോൾ നൽകിവരുന്ന തുക കാലാനുസൃതമായി വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക് , സ്വത്ത് നാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 05.04.2018-ലെ സ.ഉ.നം. (കൈ)17/2018/വനം എന്ന ഉത്തരവ് പ്രകാരം നൽകിവരുന്ന നഷ്ടപരിഹാരം ഇന്ത്യയിൽതന്നെ ഏറ്റവും ഉയർന്ന നിരക്കിലുള്ളതാണ്. കൃഷിനാശം സംഭവിച്ച കർഷകർക്ക് നൽകിവരുന്ന നഷ്ടപരിഹാരം 08.01.2015-ലെ സ.ഉ.നം. (കൈ) 2/2015/വനം എന്ന ഉത്ത രവ് പ്രകാരമാണ്. ഈ നിരക്ക് ഉയർത്തണമെന്ന് വിവിധ കർഷക സംഘട നകൾ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ഇക്കാര്യത് തിൽ |

| | | | |
|---|---|---|---|
| | | | കൃഷി വകുപ്പുമായി ചേർന്ന് ഒരു ഏകീകൃത സംവിധാനം കൊണ്ടുവരുന്നതിനും പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ